# താളം

മന്ദ്രമായ്, മധുരമായ്
പാടുവാനൊരുങ്ങുമെൻ
കണ്ഠനാളത്തിൽ ഘനീ–
ഭൂതദുഃഖമായ് നില്പു

മുല്ലപ്പൂമണം പേറി
വരുമീ ക്കാറ്റിൻ കരൾ–
ത്തട്ടിൽ വീണുറങ്ങുന്ന
നിശ്ശബ്ദ വിഷാദങ്ങൾ.

ഉരുകുന്നൊരീ മരു–
ഭൂമി തൻ ഹൃദയത്തിൽ
പടരും ദാഹത്തിൻെറ
തപ്തമാം വരൾച്ചകൾ.

വീണപൂവിതൾത്തുമ്പിൽ
ഇറ്റുനില്ക്കുമീ ക്കണ്ണു–

നീർക്കണങ്ങളിൽ നിഴൽ
വീശുന്ന പ്രതീക്ഷകൾ.

മഞ്ഞുപെയ്യുമീ നിശാ–
മദ്ധ്യവേളയിൽ, നിൻെറ
കണ്ണുനീർ തുടച്ചു ഞാൻ
തംബുരു മീട്ടും നേരം

ഇടറാത്തൊരീ നാദ–
ധാരയിൽച്ചെവിയോർത്തെ–
ന്നരികിൽ, പ്രകാശത്തി–
ന്നാദ്യനാളവും നോക്കി

മൂകമായിരിക്കുന്ന
ദുഃഖമേ! യെൻ ഗാനത്തിൻ
താളമായ്ത്തീരുന്നല്ലോ
നിൻ കരൾ മിടിപ്പുകൾ. ■

1963 കൗമുദി വാരിക




രവിവർമ്മച്ചിത്രം